


Week -4

# Christ's Letter

**ക്രിസ്തുവിന്റെ പത്രം -(2 കൊരി:3:2-4)**

യേശുക്രിസ്തുവിനുവേണ്ടി ജീവിതം സമർപ്പിക്കുവാൻ ആഹ്വാനം ചെയ്തുകൊണ്ട് പ്രസംഗകൻ തന്റെ പ്രഭാഷണം അവസാനിപ്പിച്ചു. തീരുമാനത്തിനായി എഴിന്നേറ്റവരിൽ ധനികയായ ഒരു സ്ത്രീ തനിക്ക് സംസാരിപ്പാൻ രണ്ട് മിനിറ്റ് തരുവാൻ അപേക്ഷിച്ചത് എല്ലാവരേയും അതിശയിപ്പിച്ചു. ‘ താൻ മുമ്പോട്ടു വന്നത് ഈ പ്രസംഗംകേട്ടിട്ടല്ല, എന്റെ അടുത്തിരുന്ന സ്ത്രീയുടെ ജീവിതം കണ്ടതുകൊണ്ടാണ്. ഒരു അലക്കുകാരിയായ അവളുടെ കരങ്ങൾ വികൃതമാക്കിയത് അവളുടെ അധ്വാനം മൂലമാണ്. വിശ്വസ്തയായി ജോലി ചെയ്ത ഈ സഹോദരി ഒരിക്കലും പഴിയോ, പരിഭവമോ പറഞ്ഞിട്ടില്ല. ഇവർ ചെയ്ത നന്മകൾ അസംഖ്യം. അതാരും അറിയുന്നില്ല, ആരും അവളെ അഭിനന്ദിച്ചിട്ടില്ല. ഈ ചപലമായ വിശ്വാസം ഉപേക്ഷിപ്പാൻ ഞാൻ അവരോട് പല പ്രാവശ്യം പറഞ്ഞിട്ടുണ്ട്. എന്നാൽ ഇന്ന് ഞാൻ ഒരു യഥാർത്ഥ ക്രിസ്ത്യാനിയായി നിൽക്കുന്നത് ഈ സഹോദരി കാരണമാണ്. നിരാശയിൽ ഞാൻ തകർന്നു പോകുന്ന ഒരു സംഭവം എന്റെ ജീവിതത്തിലുണ്ടായപ്പോൾ ക്രിസ്തുവിന്റെ സ്നേഹം,കൃപ ഇവയുടെ ആദ്യകിരണങ്ങൾ എന്നിൽ എത്തിച്ചത് ഈ സഹോദരിയാണ്. അങ്ങനെ ഞാൻ അവനിൽ പ്രത്യാശയുള്ളവളായി , ഇന്ന് ഇവിടെ എത്തിയത് ഗദ്ഗദകണ്ഠത്തോടെ അവൾ പറഞ്ഞുനിർത്തി . അലക്കുകാരിയെ സുവിശേഷകൻ മുൻപോട്ടു വിളിച്ചു. നിറഞ്ഞ കണ്ണുകളോടെ ഒരു ചെറു പുഞ്ചിരിയോടെ അവൾ എല്ലാവരേയും തൊഴുതു. ജനം കരഘോ

ഷത്തോടെ അവളെ സ്വീകരിച്ചു. പ്രസംഗകൻ ജനത്തോട് "ഇവ രാണ് ഇന്നത്തെ പ്രസംഗക" ഇവരെപ്പോലെ " ക്രിസ്തുവിന്റെ പത്രമാണോ" നാം?

ആളുകൾ ക്രിസ്തുവിനെക്കുറിച്ച് വായിച്ചറിയേണ്ട പത്രങ്ങ ളാണ് ക്രിസ്ത്യാനികൾ. ദിനപത്രത്തിൽ നിന്നും വിദ്യാഭ്യാസം , ദേശീയം, കായീകം, വാണിജ്യം, ഇങ്ങനെ പല വിഷയങ്ങളെക്കുറിച്ച് പുതിയ വാർത്തകൾ നമുക്ക് ലഭ്യമാകുന്നു. വാർത്തകൾ എപ്പോഴും സത്യസന്ധമായിരിക്കണം. മറ്റുള്ളവരെ തളർത്തുന്നതോ, തകർക്കു ന്നതോ ആയ വാർത്തകൾ പത്രത്തിലുണ്ടാകുവാൻ പാടില്ല.

Read- യെശ:(50:4)

ക്രിസ്തുവിന്റെ പത്രമാകുന്ന നാം വഴിയും സത്യവും ജീവനു മാകുന്ന ക്രിസ്തുവിന്റെ ഭാവമുള്ളവരാകണം. നമ്മെ കാണുകയും കേൾക്കുകയും ചെയ്യുന്നവർക്ക് നമ്മുടെ അനുഭവം പ്രദാനം ചെയ്യുന്നവരായിരിക്കേണം നാം ഓരോരുത്തരും. സാമ്പത്തീകഭ ദ്രത ഭൂമിയിൽ അന്വേഷിച്ച് പരക്കം പായുന്നവർ നമ്മെ കാണു മ്പോൾ യേശുമാത്രം സമ്പത്തെന്ന് പറയുവാൻ തയ്യാറാകേണം. കായികപേജുകൾ ദർശിക്കുന്നവരുടെ ഓട്ടം ലക്ഷ്യസ്ഥാനത്തേക്ക് എത്തുവാൻ നമ്മുടെ ഓട്ടം അവരെ സഹായിക്കുന്നതാകണം.സത്യ വാർത്തകൾ പ്രസിദ്ധമാക്കുവാൻ ധൈര്യം ആവശ്യമാണ്. ശരീര ത്തിൽ നിന്ന് ആത്മാവിന് ലഭിക്കുന്ന ധൈര്യമല്ല ആത്മാവിന്റെ ധൈര്യം , പിന്നെയോ ദൈവത്തിന്റെ ആത്മാവിനാൽ നമ്മുടെ ആത്മാവിന് ലഭിക്കുന്ന ധൈര്യമാണ്. അത് ദൈവീകമാണ്, നിത്യ വുമാണ്.

ഇതിന് ഉദാഹരണമാണ് പൗലോസിന്റെ ജീവിതം. യഥാർത്ഥ ത്തിൽ ക്രിസ്തുവിന്റെ പത്രമായിട്ടാണ് പൗലോസ് ജീവിച്ചത്.

Read- അ:പ്ര:(16:16-34), (19:13-20)

കൂടാതെ Chapters 27 and 28 നാമും ഇതുപോലെ ധൈര്യ ത്തോട് പറയുവാനും, പ്രവർത്തിപ്പാനും, മാത്രമല്ല വചനം വളച്ചൊ

ടിക്കാതെ സത്യമായി പറയുവാനും പറഞ്ഞ സത്യവചനം ഒരിക്കലും മാറ്റിപ്പറയാതിരിപ്പാനും ധൈര്യം കാട്ടേണം.

ക്രിസ്തുവിന്റെ പത്രത്തിന്റെ അച്ചടിയുടെ പ്രത്യേകത അത് മഷികൊണ്ടല്ല, ജീവനുള്ള ദൈവത്തിന്റെ ആത്മാവിനാലത്രെ. ഇത് കല്പലകയിൽ അല്ല, ഹൃദയമെന്ന മാംസപ്പലകയിലത്രെ എഴുതുന്നത്.

Read-സദൃ:(7:2-3),യിരെ:(31:23)

നമ്മുടെ ജീവിതം ദൈവത്തിന്റെ പത്രമെന്ന് മറ്റുള്ളവർ പറയുമോ? ഒരിക്കൽ വിനോബഭാവയോട് ക്രിസ്തുവിലൂടെയുള്ള ആത്മസന്തോഷത്തെപ്പറ്റി സംസാരിച്ചവരെ ശ്രദ്ധിച്ചുകേട്ട ശേഷം അദ്ദേഹം പറഞ്ഞു , നിങ്ങൾക്ക് ക്രിസ്തുവിനെ ജീവിതത്തിൽ കാണുവാൻ കഴിഞ്ഞാൽ ഞങ്ങളും തേടിവരും. ഇത് സത്യമല്ലേ. ആദ്യം നാം ക്രിസ്തുവിന്റെ ഭാവമുള്ളവരാകുക. അവന്റെ പത്രമാകുവാനുള്ള ഭാഗ്യം എല്ലാവർക്കും ലഭ്യമാകുവാൻ ഇടയാകട്ടെ.

## പ്രാർത്ഥന

യേശുവേ ! ഈ ലോകത്തിൽ അങ്ങയുടെ പത്രമായി ജീവിപ്പാനുള്ള ധൈര്യവും , കഴിവും തരുന്നതിന് കൃപയുണ്ടാകേമമേ. പരിശുദ്ധാത്മാവ് ഞങ്ങളിൽ വസിച്ച് തെളിഞ്ഞ അക്ഷരത്തോടെ പ്രസിദ്ധിയുള്ള പത്രമാകുവാൻ ഇടയാക്കേണമേ

ആമേൻ

Santhamma Varghese